**കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,**
തെക്കൻമേഖല, കളർകോട്, സനാതനപുരം.പി.ഒ.,ആലപ്പുഴ 688 003.
ഫോൺ: 04772266084,
email: eeagria@gmail.com

നമ്പർ-ഇ.ഇ (2)-480/2023 　　　　　　　　　　　　　　　　തീയതി, 08/05/2023.

## ക്വട്ടേഷൻ നോട്ടീസ്

കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2023 മെയ് മാസം 19 മുതൽ 28 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനിയിൽ വെച്ച് സംഘടിപ്പിക്കുന്ന കരപ്പുറം കാർഷിക കാഴ്ചകൾ എന്ന പേരിലുള്ള കാർഷിക പ്രദർശന മേളയിലേക്ക് ആവശ്യമായ പന്തൽ, ഇലക്ട്രിഫിക്കേഷൻ, മറ്റ് അടിസ്ഥാന സൗകര്യ പ്രവൃത്തികൾ എന്നിവ ചെയ്യുന്നതിനും ആയത് 2023 മെയ് മാസം 19 മുതൽ 28 വരെ നില നിറുത്തുന്നതിനും അംഗീകൃത കരാറുകാരിൽ നിന്നോ ടി പ്രവൃത്തിയിൽ മുൻ കാല പരിചയമുള്ള സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഇ.എം.ഡി തുക |
|---|---|---|
| 1 | General –INFRASTRUCTURE WORKS FOR KARAPPURAM KAZHCHA- CHERTHALA, ALAPPUZHA DISTRICT- General Civil Work- | 50,000/- |

ക്വട്ടേഷൻ ഷെഡ്യൂളുകൾ 08/05/2023 ഉച്ചക്ക് 2.00 മണി മുതൽ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ യിൽ നിന്നും ലഭ്യമാകുന്നതാണ്. ക്വട്ടേഷനുകൾ 11/05/2023 രാവിലെ 11.00 മണി യ്ക്ക് മുൻപായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

ടി ക്വട്ടേഷന്റെ കൂടെ മുകളിൽ പ്രസ്താവിച്ചിട്ടുള്ള നിരത ദ്രവ്യവും, 200 രൂപായുടെ മുദ്ര പത്രത്തിലുള്ള പ്രാഥമിക കരാറും സമർപ്പിക്കേണ്ടതാണ്. ക്വോട്ട് ചെയ്ത തുകയിൽ ജി.എസ്.റ്റി. നിരക്ക് ഉൾപ്പെട്ടതാവണം. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. ലഭ്യമായ ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചക്ക് 12.00 ന് ഹാജരുള്ള കരാറുകാരുടേയോ, സ്ഥാപന പ്രതിനിധികളുടേയോ, അവർ രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണത്താൽ അവധി ദിവസമായാൽ അടുത്ത ദിവസം മുകളിൽ പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥയിലും സമയത്തും തുറക്കുന്നതാണ്.

തുടർന്ന് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തവർ ടി കാര്യാലയത്തിൽ നിന്നും നൽകുന്ന വർക്ക് ഓർഡർ സ്വീകരിച്ച് 17/05/2023 തീയതിക്ക് മുൻപായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് നൽകേണ്ടതാണ്. തുടർന്ന് 19/05/2023 മുതൽ 28/05/2023 വരെയുള്ള കാലയളവിൽ ടി സെന്ററിൽ ആവശ്യമായ മെയിന്റനൻസ് നടത്തുകയും ടി പ്രദർശനത്തിന് ശേഷം ആയത് പൊളിച്ച് മാറ്റേണ്ടതുമാണ്. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും... 11/05/2023 11.am
ക്വട്ടേഷൻ തുറക്കുന്ന തീയതിയും, സമയവും... 11/05/2023 12.noon

എക്സിക്യൂട്ടീവ് എഞ്ചിനീയർ
ടി:ആലപ്പുഴ